# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2789 07.12.2018-ൽ മറുപടിയ്ക്ക്

## സാംസ്കാരിക ഉന്നത സമിതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | **ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| (എ) സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനം ആശാവഹമല്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;<br><br>(ബി) സമിതി നിലവിൽ വന്നത് എന്നാണ്; ഇതിനകം എത്ര യോഗങ്ങൾ ചേർന്നു; പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽ നിന്ന് എത്ര തുക ഇതിനകം ചെലവഴിച്ചു; പ്രധാനമായും കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണ്; | (എ) ഒട്ടും (ബി) യും യും ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി ഉപാദ്ധ്യക്ഷയായും കലാ സാംസ്കാരിക രംഗത്തുനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രമുഖ വ്യക്തി സെക്രട്ടറിയായും ധനകാര്യ വകുപ്പ് സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായും സാംസ്കാരിക ഉന്നത സമിതി (Apex Council for Culture) 21/2/2018 ലെ സ.ഉ.(കൈ)നം.10/2018/സാം.കാ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br><br>ഇതിനോടകം സമിതിയുടെ രണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട്. സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽ നിന്നും 7,67,060/-രൂപ ചെലവഴിച്ചിട്ടുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ ശേഖരിക്കുക, രക്തസാക്ഷ്യം 2018 സംസ്ഥാന കോർ കമ്മിറ്റി പരിപാടികളിൽ സഹകരിക്കുക, സാംസ്കാരിക നയത്തിന്റെ കരട് തയ്യാറാക്കാനായി ഉപസമിതി രൂപീകരിക്കുക, സെമിനാർ നടത്തുക തുടങ്ങിയ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) സാംസ്കാരിക സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് സമിതിക്ക് ഉദ്ദേശമുണ്ടോ; എങ്കിൽ ഇതടക്കം ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് സമിതി ഉദ്ദേശിക്കുന്നത്? | (സി) ഉണ്ട്. സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനം നടപ്പാക്കുന്നതിനായാണ് സാംസ്കാരിക സ്ഥാപനങ്ങളുടെ ഭാരവാഹികളും സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികളും അംഗങ്ങളായി സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചത്. പദ്ധതി വിഹിതം ലഭിക്കുന്ന പ്രമുഖ സാംസ്കാരിക |

സ്ഥാപനങ്ങൾ, ആവർത്തന, അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാരിന്റെ സാംസ്കാരിക നയത്തെ അടിസ്ഥാനമാക്കി, സാംസ്കാരിക രംഗത്ത് നൂതന പദ്ധതികൾ നടപ്പിലാക്കാൻ സമിതി ആലോചിക്കുന്നുണ്ട്. നവ കേരള സൃഷ്ടിയിൽ സാംസ്കാരിക സ്ഥാപനങ്ങളെ കാര്യക്ഷമമായി പങ്കെടുപ്പിക്കാനും നവോത്ഥാന മതേതര മാനവിക മൂല്യങ്ങളെ പുന:സ്ഥാപിക്കാനും സാംസ്കാരിക ഉന്നത സമിതി മുൻകൈയെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**